# # Palakkad Police Action #

## ആറു കിലോ കഞ്ചാവുമായി രണ്ടു പേർ അറസ്റ്റിൽ

പാലക്കാട്, തൃശൂർ ജില്ലകൾ കേന്ദ്രീകരിച്ച് ആന്ധ്രപ്രദേശിൽ നിന്ന് മൊത്തമായി കഞ്ചാവ് വിൽപ്പനയ്ക്ക് കൊണ്ടുവന്ന രണ്ടു യുവാക്കൾ പാലക്കാട് കസബ പോലീസിന്റെ പിടിയിലായി.

വടക്കഞ്ചേരി , അഞ്ചുമൂർത്തി മംഗലം, തോട്ടിങ്ങൽ വീട്ടിൽ മണികണ്ഠൻ വ:28, വാണിയമ്പാറ, പന്നിയങ്കര , മുരിയക്കാട്ടിൽ വിഷ്ണു വ:22 എന്നിവരെയാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും കസബ പോലീസും കൂടി കോയമ്പത്തൂർ - പാലക്കാട് ദേശീയ പാതയിൽ കുരുടിക്കാട് വെച്ച് പിടിയിലായത്. പ്രതികളിൽ നിന്ന് 6 കിലോ കഞ്ചാവ് പോലീസ് കണ്ടെടുത്തു. പ്രതികൾ സഞ്ചരിച്ച ബൈക്കും കസ്റ്റഡിയിലെടുത്തു.

ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS നു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ നർകോടിക് സെൽ DySP ഷംസുദ്ദീന്റെ നേതൃത്യത്തിൽ പോലീസ് സംഘം വാളയാർ അതിർത്തിയിൽ വാഹന പരിശോധന നടത്തി വരുന്നതിനിടെ അമിതവേഗതയിൽ വന്ന ബൈക് നിർത്താതെ പായുകയായിരുന്നു. ഉടൻ പോലീസ് സംഘം ബൈക്കിനെ പിൻതുടർന്ന് കുരുടിക്കാട് വെച്ച് സാഹസിക മായി പിടികൂടുകയായിരുന്നു.

കസബ ഇൻസ്പെക്ടർ ഗംഗാധരൻ, ഒറ്റപ്പാലം ഇൻസ്പെക്ടർ അബ്ദുൾ മുനീർ, SI റിൻസ് M തോമസ്, ASI രംഗനാഥൻ, SCPO മാരായ M. സുനിൽ കുമാർ, സജി അഗസ്റ്റിൻ, CP0 മാരായ പ്രജീഷ്, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ, സുൽഫിക്കർ അലി, ജിവീഷ്, ഡ്രൈവർ ബാബു കൊട്ടേക്കാട് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

